(ഡി) പട്ടികജാതിക്കാരെ സംബന്ധിക്കുന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

കുടിവെള്ളം ലഭ്യമായിട്ടുള്ള കോളനികൾ

13 (161) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കോളനികളിൽ കുടിവെള്ളം എത്തിച്ചിട്ടുണ്ട് എന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കണക്ക് ശേഖരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ചെലവാക്കുന്ന പണം കൃത്യമായി അവർക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനമാണ് പട്ടിക ജാതി വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുള്ള 470 ഡിപ്പാർട്ട്മെന്റ് കോളനികളിൽ വളരെ നേരത്തെ തന്നെ ശുദ്ധജലം എത്തിച്ചിട്ടുണ്ട്. 1999 വരെ 7129 കോളനികളിലും ശുദ്ധജലം എത്തിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ വിവരങ്ങൾ ശേഖരിച്ചിട്ടില്ല. 1994-ലെ കണക്കെടുപ്പനുസരിച്ച് 687 പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയുടെ ഗുണം അവർക്ക് തന്നെ ലഭിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിലെ വിദഗ്ധ സമിതികളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ഒരു വിഷയ സമിതി ഉണ്ട്. ഈ സമിതിയുടെ കൺവീനർ ജില്ല-കോർപ്പറേഷൻ തലങ്ങളിൽ ജില്ലാ പട്ടികജാതി വികസന ആഫീസറും ബ്ലോക്ക് മുനിസിപ്പൽ തലങ്ങളിൽ താലൂക്ക് പട്ടികജാതി വികസന ആഫീസർമാരുമാണ്. കൂടാതെ ബ്ലോക്ക് എക്സ്റ്റൻഷൻ ആഫീസർമാരും ബന്ധപ്പെട്ട തലത്തിലെ വിഷയസമിതികളിൽ അംഗങ്ങളാണ്. പട്ടികജാതി വികസന ഡയറക്ടർ സംസ്ഥാനതല വിദഗ്ധ സമിതിയിലെ അംഗമാണ്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ പട്ടിക വിഭാഗ വികസനത്തിനായി നീക്കിവച്ചിട്ടുള്ള തുകയുടെ ഉപയോഗം വിലയിരുത്തുകയും ബന്ധപ്പെട്ട പദ്ധതികൾ സന്ദർശിക്കാറുണ്ട്. പ്രസ്തുത കമ്മിറ്റികളിൽ ജില്ലയിലെ പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ വരുന്ന എം.എൽ.എ.യും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള സാമൂഹ്യപ്രവർത്തകരും അംഗങ്ങളാണ്. കൂടാതെ ബന്ധപ്പെട്ട പഞ്ചായത്തിന്റെ കർമ്മസമിതി, പദ്ധതി പ്രവർത്തനം വിലയിരുത്താറുണ്ട്. ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതികൾക്കും ജനകീയാസൂത്രണ പദ്ധതികൾ വിശകലനം ചെയ്യുന്നതിന് അധികാരം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രി പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്.

ആദിവാസി അവിവാഹിത മാതാക്കൾ

14 (162) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ ആദിവാസി പെൺകുട്ടികളിൽ എത്ര അവിവാഹിത മാതാക്കളുണ്ട് ;

(ബി) ഇവരുടെ കുട്ടികൾക്ക് ജന്മം നൽകിയവരെ കണ്ടുപിടിച്ച് അവരെ കുടുംബ ജീവിതം നയിക്കുവാൻ ഇടയാക്കുന്നതിന് ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ അവിവാഹിത മാതാക്കളെയും കുട്ടികളെയും പരിരക്ഷിക്കുവാനും അവർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുവാനും എന്തെല്ലാം വിധത്തിൽ ഗവൺമെന്റ് സഹായിക്കുന്നുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) 1995-96 ലെ കണക്ക് പ്രകാരം 221 പേർ.

(ബി) അവിവാഹിതരായ അമ്മമാരിൽ ജനിക്കുന്ന കുട്ടികൾക്ക് ജന്മം നൽകിയവരെ ഡി.എൻ.എ. ടെസ്റ്റ് നടത്തി പിതൃത്വം തെളിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനായി വനിതാ കമ്മീഷന് 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇത്തരം കേസ്സുകൾ ആവർത്തിക്കാതിരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(സി) പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന നിലവിലുള്ള പദ്ധതികളിൽ അവിവാഹിതരായ അമ്മമാർക്കും കുട്ടികൾക്കും മുൻഗണന നൽകി അവരുടെ സമഗ്രമായ പരിപോഷണത്തിനും സംരക്ഷണത്തിനുമായി വിവിധ ധനസഹായങ്ങൾ നൽകുന്നു. ഇവരുടെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് അവസരം നൽകുന്നുണ്ട്. സ്ഥായിയായ വരുമാന ലബ്ധിക്കു വേണ്ടി ഇവരെ പൂക്കോട് ഡയറി പ്രോജക്ട്, പ്രയദർശിനി തേയിലത്തോട്ടം എന്നിവിടങ്ങളിൽ തൊഴിൽ നൽകി പുനരധിവസിപ്പിക്കുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഇവർക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly